പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1834 — 05.12.2014- ൽ മറുപടിക്ക്

## വികലാംഗപെൻഷൻ അനുവദിക്കാൻ നടപടി

ചോദ്യം
ശ്രീ. റ്റി.യു. കുരുവിള

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വികലാംഗ പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച് ശ്രീ. അഭിലാഷ്, കാര്യവട്ടം, തുണ്ടത്തിൽ, തിരുവനന്തപുരം നഗരസഭയിൽ 28/12/2012 തീയതിയായി നൽകിയ നം. 8138/2012 അപേക്ഷയിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) | ശ്രീ. അഭിലാഷ് വി.എസ്. 28.12.2012 ന് തിരുവനന്തപുരം നഗരസഭയിൽ സമർപ്പിച്ച 8138/12-ാം നമ്പർ അപേക്ഷ ടിയാന്റെ കുടുംബ വാർഷിക വരുമാനം വികലാംഗ പെൻഷൻ അനുവദിക്കുന്നതിനുള്ള വരുമാന പരിധിയായി നിശ്ചയിച്ചിരുന്ന 22,375/- രൂപയേക്കാൾ കൂടുതലായതിനാൽ നിരസിച്ചിരുന്നു. |
| (ബി) | വികലാംഗ പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച് പുതുക്കിയ മാനദണ്ഡം വ്യക്തമാക്കാമോ; ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; | (ബി) | 20.06.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 52/2014/സാനീവ പ്രകാരം വികലാംഗ പെൻഷന് അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 01.04.2014 മുതൽ ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.<br>നിശ്ചിത അപേക്ഷാഫോറം പൂരിപ്പിച്ച് താഴെപ്പറയുന്ന രേഖകളുടെ പകർപ്പ് സഹിതം വാർഡ് കൗൺസിലറുടെ ശുപാർശയോടെ സമർപ്പിക്കണം<br>1. റേഷൻ കാർഡ്<br>2. ആധാർ, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്<br>3. 40% മുതൽ വൈകല്യമുണ്ടെങ്കിൽ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| (സി) | ശ്രീ. അഭിലാഷ് ബഹു. മുഖ്യമന്ത്രിക്ക് 14/10/2014 തീയതിയിൽ നൽകിയ നം. 6991/14/സി.എം. പുതിയ അപേക്ഷയിന്മേൽ വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ടോ ; മുൻ അപേക്ഷയുടെ സീനി യോറിറ്റി ലഭിക്കുമോ; ഈ അപേക്ഷയുടെ നടപടിക്രമം എന്തായി എന്നറിയിക്കുമോ? | (സി) | ശ്രീ. അഭിലാഷ് ബഹു. മുഖ്യമന്ത്രിക്ക് 14/10/2014 ന് സമർപ്പിച്ച 6991/14/സി.എം. എന്ന അപേക്ഷ ബഹു. ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും 23.10.2014 ന് ഫിൻ7/81748/14-ാം നമ്പർ പ്രകാരം തിരുവനന്തപുരം നഗരസഭയിലെ കഴക്കൂട്ടം മേഖലാ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും ആയത് ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് സഹിതം 01.11.2014 ന് തിരുവനന്തപുരം നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പെൻഷൻ അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുമുണ്ട്. ടിയാന്റെ മുൻ അപേക്ഷ അന്ന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം നിരസിച്ചിട്ടുള്ളതിനാൽ സീനിയോരിറ്റി ലഭിക്കുന്നതല്ല. നഗരസഭ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**